2025 FEBRUARY
11
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിൽ; എഐ ഉച്ചകോടിയിൽ പങ്കെടുക്കും

**പാരിസ്:** രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിൽ എത്തി. പാരിസിൽ, ലോക നേതാക്കളുടെയും രാജ്യാന്തര ടെക് സിഇഒമാരുടെയും സമ്മേളനമായ എഐ ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയ്ക്കൊപ്പം അധ്യക്ഷത വഹിക്കും. ബുധനാഴ്ച വരെ ഫ്രാൻസിൽ തുടരുന്ന മോദി തുടർന്ന് യുഎസിലേക്ക് പോകും. ഫെബ്രുവരി 11നാണ് ഉച്ചകോടി. യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസും ചൈനീസ് ഉപപ്രധാനമന്ത്രി ഡിങ് സൂക്സിയാങ്ങും ഉച്ചകോടിയിൽ പങ്കെടുക്കും. 2023ൽ യുകെയിലും 2024ൽ ദക്ഷിണ കൊറിയയിലും നടന്ന ആഗോള ഫോറങ്ങളുടെ തുടർച്ചയായാണു പാരിസിൽ എഐ ഉച്ചകോടിയും നടക്കുന്നത്.



ഉച്ചകോടിക്കു ശേഷം പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുമായി മോദി കൂടിക്കാഴ്ച്ച നടത്തും. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ശക്തമായ സാമ്പത്തിക സഹകരണം വളർത്തിയെടുക്കുന്നതായിരിക്കും പ്രധാന ചർച്ച. തുടർന്നു മാർസെയിലിലേക്കു പോകുന്ന പ്രധാനമന്ത്രി സ്വകാര്യ അത്താഴവിരുന്നിലും പങ്കെടുക്കും. ഇതിനു ശേഷമായിരിക്കും യുഎസിലേക്ക് പുറപ്പെടുക. ഫെബ്രുവരി 12,13 തീയതികളിലാണ് യുഎസ് സന്ദർശനം.

## സിൽവർലൈനിന്റെ അലൈൻമെന്റ് മാറ്റാനാകില്ലെന്ന് കെ–റെയിൽ

**തിരുവനന്തപുരം:** റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് മാറ്റാനാകില്ലെന്ന് കെ-റെയിൽ. അതിവേഗ ട്രെയിനുകൾക്കു പ്രത്യേക ലൈൻ ആവശ്യമാണെന്നും അതിനാൽ തന്നെ സ്റ്റാൻഡേഡ് ഗേജ് തന്നെ വേണമെന്നും ദക്ഷിണ റെയിൽവേയ്ക്ക് അയച്ച കത്തിൽ കെ-റെയിൽ വ്യക്തമാക്കി.

അതേസമയം, റെയിൽവേ ഭൂമി ഒഴിവാക്കാൻ സിൽവർലൈൻ അലൈൻമെന്റിൽ ഭേദഗതിയാകാമെന്നും കെ-റെയിൽ അറിയിച്ചു.

പാരിസ്ഥിതിക, സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിലും അലൈൻമെന്റ് മാറ്റത്തിന് തയാറാണെന്നും അറിയിച്ചു. പാത ബ്രോഡ്ഗേജാക്കണം, വന്ദേഭാരതും ഗുഡ്സ് ട്രെയിനുകളും ഓടിക്കാൻ കഴിയണം, നിലവിലുള്ള പാതയുമായി ഓരോ 50 കിലോമീറ്ററിലും ബന്ധിപ്പിക്കണം തുടങ്ങിയ നിർദേശങ്ങളാണു റെയിൽവേ മുന്നോട്ടുവച്ചത്.

ഓട്ടമാറ്റിക് സിഗ്നലിങ്ങിനൊപ്പം ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച കവച് സാങ്കേതിക വിദ്യ ഉപയോഗിക്കണമെന്നും റെയിൽവേ നിഷ്കർഷിച്ചിരുന്നു.

# കെഎസ്ആർടിസി പാഴ്സൽ സർവീസ് നിരക്കുകൾ വർധിപ്പിച്ചു

**കൊല്ലം:** കെഎസ്ആർടിസി ലോജിസ്റ്റിക്സ് സർവീസ് കൊറിയർ, പാഴ്സൽ നിരക്ക് വർധന നിലവിൽ വന്നു. അഞ്ച് കിലോ വരെയുള്ള പാഴ്സലുകൾക്ക് നിരക്കു വർധന ബാധകമല്ല. 200 കിലോമീറ്റർ ദൂരത്തിന് 110 രൂപ, 400 കിലോമീറ്ററിന് 215 രൂപ, 600 കിലോമീറ്ററിന് 325 രൂപ, 800 കിലോമീറ്ററിന് 430 രൂപ എന്നിങ്ങനെയാണ് നിരക്ക്.

800 കിലോമീറ്റർ വരെയാണ് സർവീസ് ലഭ്യമാകുന്നത്. 15 കിലോ വരെയുള്ളവയ്ക്ക് 516 രൂപ വരെയാണ് നിരക്ക്. പരമാവധി 15 കിലോ വരെ മാത്രമേ പാഴ്സൽ ചെയ്യാനാകൂ.

# ബന്ദികളെ ഉടൻ കൈമാറില്ല; വെടിനിർത്തൽ കരാർ വ്യവസ്ഥയിൽ നിന്ന് ഹമാസ് പിന്നോട്ട്

**ഗാസ:** ഇസ്രയേലുമായുള്ള വെടിനിർത്തൽ കരാർ വ്യവസ്ഥയിൽ നിന്ന് ഹമാസ് പിന്നോട്ട്. ബന്ദികളെ ഉടൻ കൈമാറില്ലെന്ന നിലപാടിലാണ് ഹമാസ്. ശനിയാഴ്ച മോചിപ്പിക്കാനിരുന്നവരെ വിട്ടയക്കില്ലെന്ന് ഹമാസ് അറിയിച്ചു. വെടിനിർത്തൽ കരാറിന്റെ ഭാഗമായുള്ള രണ്ടാംഘട്ട ചർച്ചകൾ പുരോഗമിക്കവേയാണ് പശ്ചിമേഷ്യയെ കൂടുതൽ ആശങ്കയിലാക്കിക്കൊണ്ടുള്ള ഹമാസിന്റെ നീക്കം.

ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ മോചനമുണ്ടാകില്ലെന്നാണ് ഹമാസിന്റെ നിലപാട്. വെടിനിർത്തൽ കരാറിലെ വ്യവസ്ഥകൾ ഇസ്രയേൽ ലംഘിച്ചെന്ന് ആരോപിച്ചാണ് ഹമാസിന്റെ നീക്കം. ഗാസ മുനമ്പിലേക്ക് തിരികെയെത്തിയവരെ ഇസ്രയേൽ തടഞ്ഞെന്നാണ് ഹമാസ് പറയുന്നത്. രാജ്യാന്തര ഏജൻസികളുടെ സഹായവും ഇസ്രയേൽ തടയുന്നുവെന്നും ഹമാസ് പറയുന്നു.

ഹമാസുമായുള്ള വെടിനിർത്തൽ കരാറിന്റെ ഭാഗമായി ഗാസയിലെ പ്രധാന മേഖലകളിലൊന്നായ നെറ്റ്സാറിം കോറിഡോറിൽ നിന്ന് സൈന്യത്തെ പിൻവലിച്ച് തുടങ്ങിയതായി ഇസ്രയേൽ ഞായറാഴ്ച അറിയിച്ചിരുന്നു. വെടിനിർത്തൽ കരാറിനെ തുടർന്ന് നെറ്റ്സാറിം കോറിഡോർ വഴി കടന്നുപോവാൻ ഇസ്രയേൽ സൈന്യം പാലസ്തീനികളെ അനുവദിച്ചിരുന്നു. ഇതിന് ശേഷം യുദ്ധബാധിത മേഖലയായ വടക്കൻ ഗാസയിലേക്ക് ആയിരക്കണക്കിനാളുകളാണ് കാൽനടയായും വാഹനങ്ങളിലും ഇതുവഴി കടന്നുപോയത്

# ഇന്ത്യയിൽ നിന്നുൾപ്പെടെ സ്റ്റീൽ ഇറക്കുമതിക്ക് യുഎസ് അധിക നികുതി ഏർപ്പെടുത്തും

**ന്യൂയോർക്ക്**: അലൂമിനിയം, സ്റ്റീൽ ഇറക്കുമതിക്ക് 25 ശതമാനം തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഫ്ലോറിഡയിൽ നിന്നും ന്യൂ ഓർലിയൻസിൽ എൻഎഫ്എൽ സൂപ്പർ ബൗളിലേയ്ക്കുള്ള യാത്രാ മധ്യേ എയർഫോഴ്സ് വണ്ണിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയെയും ബാധിക്കുന്നതാണ് ട്രംപിൻറെ ഈ തീരുമാനം. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുഎസ് സന്ദർശനത്തിനു തൊട്ടു മുൻപാണ് ഈ പ്രഖ്യാപനം എന്നതും ശ്രദ്ധേയമാണ്. ലോകത്തിലെ തന്നെ ഏറ്റവും പ്രധാന സ്റ്റീൽ കയറ്റുമതി രാജ്യങ്ങളിൽ ഇന്ത്യയും ക്യാനഡയും ചൈനയും യുകെയും ഉൾപ്പെടുന്നു.

യുഎസിലേയ്ക്ക് വരുന്ന എല്ലാ വിധ സ്റ്റീലുകൾക്കും 25 ശതമാനം തീരുവ ചുമത്തും. സമാന തീരുവ അലൂമിനിയത്തിനും ചുമത്തും. രണ്ടു ദിവസത്തിനുള്ളിൽ പരസ്പര താരിഫ് പദ്ധതി നടപ്പിലാക്കും. പരസ്പര താരിഫ് ഏതെല്ലാം രാജ്യങ്ങളെയാണ് ലക്ഷ്യമിടുന്നതെന്ന് ട്രംപ് വ്യക്തമാക്കിയിട്ടില്ല. മറ്റു രാജ്യങ്ങൾ ചുമത്തുന്ന താരിഫ് നിരക്കുകൾക്കു തുല്യമായി യുഎസ് ഈടാക്കുമെന്നും ഇത് എല്ലാ രാജ്യങ്ങൾക്കും ബാധകമാണെന്നും ട്രംപ് എടുത്തു പറഞ്ഞു. തങ്ങളുടെ ഉൽപന്നങ്ങൾക്ക് 130 ശതമാനം തീരുവ ചുമത്തുമ്പോൾ തിരിച്ച് ഒരു പൈസ പോലും അമെരിക്ക ഈടാക്കിയിരുന്നില്ല. എന്നാൽ, ഇനി അങ്ങനെയാകില്ല കാര്യങ്ങൾ ട്രംപ് ഓർമിപ്പിച്ചു.

ക്യാനഡ, മെക്സിക്കോ, ചൈന എന്നീ രാജ്യങ്ങളുമായി തുടക്കമിട്ട തീരുവ യുദ്ധം ഇപ്പോൾ മറ്റെല്ലാ രാജ്യങ്ങളിലേയ്ക്കും വ്യാപിക്കുന്നതിൻറെ വ്യക്തമായ സൂചനയാണ് ഇതിലൂടെ ട്രംപ് നൽകുന്നത്. ഇത് ഇന്ത്യയ്ക്കും ദോഷകരമായിത്തീരും എന്നതിൽ സംശയമില്ല.






# ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുത്ത കണ്ണൂർ 31 ബറ്റാലിയൻ എൻസിസി കേഡറ്റുകൾക്ക് സ്വീകരണം

**കണ്ണൂർ:** ന്യൂഡൽഹിയിൽ ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുത്ത കണ്ണൂർ 31 ബറ്റാലിയൻ എൻസിസി കേഡറ്റുകൾക്ക് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകി. ഈ വർഷം ഏഴ് കാഡറ്റുകളാണ് 31 ബറ്റാലിയനിൽ നിന്നും പങ്കെടുത്തത്. കണ്ണൂർ എസ് എൻ കോളജിലെ സീനിയർ അണ്ടർ ഓഫീസർ വിഷ്ണു എൻ, അണ്ടർ ഓഫീസർമാരായ നന്ദന പി, ആദിദേവ് ഇ എം, മട്ടന്നൂർ പി. ആർ എൻ എസ് എസ് കോളജിലെ ലാൻസ് കോർപ്പറൽ ആര്യ നന്ദ കെ, ശ്രീകണ്ഠാപുരം എസ് ഇ എസ് കോളജിലെ അണ്ടർ ഓഫീസർ ശ്വേത കെ.പി, ഇരിട്ടി എം.ജി കോളജിലെ അണ്ടർ ഓഫീസർ സൂരജ് പി നായർ, കണ്ണൂർ ആർമി പബ്ലിക് സ്കൂളിലെ കോർപ്പറൽ മഞ്ജുശ്രീ പ്രവീൺ എന്നിവരാണ് ഡൽഹിയിലെ ക്യാമ്പിൽ പങ്കെടുത്തത്. പത്ത് ദിവസത്തെ പത്ത് ക്യാമ്പുകൾ ചെയ്തതിന് ശേഷമാണ് ഡൽഹിയിലേക്ക് ഇവർക്ക് അവസരം ലഭിച്ചത്. തിരുവനന്തപുരത്ത് തിരിച്ചെത്തിയ കാഡറ്റുകൾക്ക് രാജ്ഭവനിൽ സ്വീകരണം ലഭിച്ചിരുന്നു. പിന്നീട് സംസ്ഥാന സർക്കാറിന്റെ സ്വീകരണവും ലഭിച്ചതിന് ശേഷമാണ് കണ്ണൂരിൽ എത്തിയത്. കാഡറ്റുകളെ ബറ്റാലിയൻ കമാന്റിങ്ങ് ഓഫീസർ കേണൽ അമർ ദീപ് സിങ്ങ് ബാലിയും സുബേദാർ മേജർ ഹോണററി ക്യാപ്റ്റൻ വെങ്കിടേശ്വരലുവും അഭിനന്ദിച്ചു.

റെയിൽവേ സ്റ്റേഷനിൽ സുബേദാർ സുരേഷ് കുമാർ, ബി എച്ച് എം സുചൻ റായി, സി എച്ച് എം ഷിബു എ.വി, രതീഷ് കുമാർ കെ, ഹവിൽദാർമാരായ അരുൺ പി.പി., കിരൺ കെ, പി രാജേഷ്, അനിൽ വി.ടി, പപ്പു യാദവ്, കെ ദീപക് എന്നിവർ സ്വീകരിച്ചു. ആർമി പബ്ലിക് സ്കൂൾ പ്രധാന അധ്യാപിക ഫാത്തിമ ബീവി എൻ സി സി ഓഫീസർ ശ്രീജയും ഉണ്ടായിരുന്നു.

വിഷ്ണു എൻ, ആദിദേവ് ഇ എം, സൂരജ് കെ.പി, നന്ദന പി എന്നിവർക്ക് പി എം റാലിയിൽ പങ്കടുക്കാൻ അവസരം ലഭിച്ചു. മഞ്ജുശ്രീ പ്രവീൺ ബെസ്റ്റ് കാഡറ്റ് ഇനത്തിലും ഫ്ലാഗ് ഏരിയ ബ്രീഫിങ്ങിലും പങ്കെടുത്തു. ശ്വേത കെ പി, ആര്യനന്ദ കെ എന്നിവർ കൾച്ചറൽ പരിപാടിയിലാണ് പങ്കടുത്തത്.



# കട്ടപ്പന താലൂക്ക് ആശുപത്രിയിലെ മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്റർ ഉദ്ഘാടനം ചെയ്തു

**കട്ടപ്പന:** താലൂക്ക് ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച 360ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്റർ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

നാടിന്റെ ശ്രദ്ധേയമായ മാറ്റങ്ങൾ ആരോഗ്യ രംഗത്താണെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യരംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര ആരോഗ്യ മന്ത്രാലയം തന്നെ അത് വ്യക്തമാക്കിയതാണെന്നും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കൂടുതൽ മികച്ച പ്രവർത്തനം കാഴ്ചവക്കാൻ സ്റ്റാഫ് പിറ്റേൺ ക്രമീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളും. അതിന്റെ ഭാഗമായി ആരോഗ്യ മന്ത്രിയുമായി ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇന്റേണൽ റോഡുകൾക്കായി 17 കോടി രൂപ മാറ്റിവച്ചു. രോഗികളുടെ കൂട്ടിരിപ്പുകാർക്കായി ആശ്വാസ് കേന്ദ്രത്തിന് 4 കോടി രൂപ അനുവദിച്ച് 50 സെന്റ് സ്ഥലം ഹൗസിംഗ് ബോർഡിന് കൈമാറി. നിർമ്മാണം പൂർത്തികരിച്ച് തിരിച്ച് മെഡിക്കൽ കോളേജിന് കൈമാറും. കാത്ത്ലാബ് ഈ വർഷം തന്നെ ആരംഭിക്കുമെന്നും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

ജീവിതശൈലി രോഗ നിർണയം ഒരു കുടക്കീഴിലെന്ന ലക്ഷ്യത്തോടെ ഒരുക്കിയിട്ടുള്ളതാണ്

മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്റർ. രജിസ്ട്രേഷൻ, പ്രീ ചെക്കപ്പ്, കണ്ണ് പരിശോധന, രോഗ നിർണ്ണയം, ലാബ് പരിശോധന, ഡയറ്റീഷന്റെ സേവനം എന്നിവ 360ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്ററിൽ ലഭ്യമാകും. ഹെൽത്ത് ഗ്രാന്റിൽ 45 ലക്ഷം രൂപ ചിലവിട്ടാണ് 360ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് നിർമിച്ചിട്ടുള്ളത്.

പുതിയ വാർഡുകളുടെ ഉദ്ഘാടനം ഡീൻ കുര്യാക്കോസ് എം.പി നിർവഹിച്ചു. 2.10 കോടി രൂപ വിനിയോഗിച്ച് ആധുനിക നിലവാരത്തിലുള്ള 35 ബഡുകളുള്ള സ്ത്രീ പുരുഷ വാർഡുകളാണ് നിർമ്മിച്ചിട്ടുള്ളത്.

## ഓംബുഡ്സ്മാൻ സിറ്റിംഗ് 17 ന്

**കോഴിക്കോട്:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ എംജിഎൻആർഇജിഎസ് ഓംബുഡ്സ്മാൻ വി പി സുകുമാരൻ ഫെബ്രുവരി 17 ന് സിറ്റിംഗ് നടത്തുന്നു. വില്ല്യാപള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ രാവിലെ 11 മുതലാണ് സിറ്റിംഗ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്കും പദ്ധതി തൊഴിലാളികൾക്കും നേരിട്ട് ഓംബുഡ്സ്മാന് നൽകാം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** ഭൂമി തരം മാറ്റൽ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലുമായി ബന്ധപ്പെട്ട് ഫീൽഡ് പരിശോധന നടത്തുന്നതിലേക്ക് കരാർ അടിസ്ഥാനത്തിൽ അഞ്ച് വാഹനങ്ങൾ ആവശ്യമുണ്ട്. വടകര, കൊയിലാണ്ടി താലൂക്ക് പരിധിയിൽ ഉൾപ്പെട്ട അപേക്ഷകളിലെ ഫീൽഡ് പരിശോധനകൾ നടത്താൻ ഒരു വർഷ കാലയളവിലേക്ക് പ്രതിമാസം പരമാവധി 35000 രൂപ നിരക്കിൽ ഡെപ്യൂട്ടി കളക്ടർ (ഡിഎം) ന് കീഴിൽ കൊയിലാണ്ടി താലൂക്കിൽ മൂന്ന് വാഹനങ്ങളും വടകര താലൂക്കിൽ രണ്ട് വാഹനങ്ങളുമാണ് കരാർ അടിസ്ഥാനത്തിൽ വേണ്ടത്. പൂർണമായും വർക്കിങ്ങ് കണ്ടിഷനോട് കൂടിയതും 1000 രര യ്ക്ക് മുകളിലുള്ളതും 5/7 സീറ്റുകൾ ഉള്ളതും ടാക്സി പെർമിറ്റോട് കൂടിയതുമായ വാഹനങ്ങളാണ് ആവശ്യം.

ക്വട്ടേഷനുകൾ ഫെബ്രുവരി 19 ന് വൈകീട്ട് മൂന്നിനകം സീൽ ചെയ്ത കവറിൽ വടകര ആർഡിഒ ഓഫീസിൽ ലഭിക്കണം. അന്ന് നാല് മണിക്ക് വടകര ആർഡിഒ ഓഫീസിൽ വെച്ച് ആർഡിഒയുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് ക്വട്ടേഷൻ ഉറപ്പിക്കും. ഫോൺ: 04962514300.

## ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്:** കുന്നുമ്മൽ ഐസിഡിഎസ് പ്രൊജക്ടിലെ 175 അംഗനവാടികളിൽ 202425 വർഷം പ്രീസ്കൂൾ എജുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്നത് ഫെബ്രുവരി 20 ന് ഉച്ച 2.30 മണി വരെ. വൈകീട്ട് മൂന്നിന് തുറക്കും.

## ടെണ്ടർ ക്ഷണിച്ചു

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചാരണ സാമഗ്രികൾ കോംപാക്ട് ഡിസ്കുകൾ, കത്തുകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും വകുപ്പ് നിർദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലെ സ്ഥാപനങ്ങളിലും കൊറിയർ വഴി എത്തിക്കുന്നതിന് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയമുള്ള കൊറിയർ സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെണ്ടറുകൾ ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 1 വിലാസത്തിൽ മാർച്ച് ഒന്നിനകം ലഭ്യമാക്കണം. വിശദ വിവരങ്ങൾക്ക്: www.prd.kerala.gov.in സന്ദർശിക്കുക. ഫോൺ: 04712517036, 0471251803.

## ദേശീയ സെമിനാർ

**തിരുവനന്തപുരം:** സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ 'മോഡേൺ വേൾഡ് ഓഫ് വർക്ക് ആന്റ് യൂത്ത് മെന്റൽ ഹെൽത്ത് ' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. മാർച്ച് മൂന്ന്, നാല് തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സെമിനാറിൽ 18നും 40 നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ ഫെബ്രുവരി 15 നകം ബയോഡേറ്റയും ഫോട്ടോയും സഹിതം അപേക്ഷ സമർപ്പിക്കണം.

## ചിലങ്ക നൃത്തോത്സവം ഫെബ്രുവരി 12 മുതൽ

**തിരുവനന്തപുരം:** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ യുവനർത്തകർക്ക് വേദിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ ഫെബ്രുവരി 12 മുതൽ 18 വരെ ഏഴു ദിവസം നീണ്ടുനിൽക്കുന്ന ചിലങ്ക ശാസ്ത്രീയ നൃത്തോത്സവം സംഘടിപ്പിക്കുന്നു. കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവനിലാണ് നൃത്തോത്സവം സംഘടിപ്പിക്കുന്നത്.

മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, സത്രീയ, ഒഡീസി എന്നീ ഇനങ്ങളിലായി ഇരുപത്തഞ്ച് നർത്തകരാണ് പങ്കെടുക്കുന്നത്. ഫെബ്രുവരി 12 ബുധനാഴ്ച വൈകുന്നേരം 5.30ന് വൈലോപ്പിള്ളി സംസ്കൃതി ഭവൻ കൂത്തമ്പലത്തിൽ മന്ത്രി സജി ചെറിയാൻ നൃത്തോത്സവം ഉദ്ഘാടനം ചെയ്യും.

## ഭക്ഷ്യ സുരക്ഷാ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിലുള്ള നൂതന എഫ്.എസ്.എസ്.എ.ഐ പദ്ധതികളായ സേവ് ഫുഡ്, ഷെയർ ഫുഡ്, ഷെയർ ജോയ്, റീപർപസ് യൂസ്ഡ് കുക്കിംഗ് ഓയിൽ (ആർ.യു.സി.ഒ) എന്നിവയുടെ സെമിനാറും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. എറണാകുളം കെ.എച്ച്.ആർ.എ ഭവനിൽ നടന്ന പരിപാടിയിൽ എറണാകുളം ജില്ലാ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ എൻ. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഭക്ഷ്യ സുരക്ഷാ ഓഫീസർമാരായ നിമിഷ ഭാസ്കർ, റാണി ചാക്കോ, രാജീവ് സൈമൺ, ആദർശ് വിജയ് തുടങ്ങിയവർ സംസാരിച്ചു.

## വിദേശ തൊഴിൽ വായ്പാ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന വിദേശ തൊഴിൽ പദ്ധതിയിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ട യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഏതെങ്കിലും വിദേശ രാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ നൽകുന്നതിനു ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം.

നോർക്ക റൂട്ട്സ്, ഒഡേപെക് എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകും. അപേക്ഷകർ 18 നും 55നും മധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 3,50,000 രൂപയിൽ അധികമാവരുത്. പദ്ധതിയുടെ പരമാവധി വായ്പാ തുക രണ്ടു ലക്ഷം രൂപയാണ്. അതിൽ ഒരു ലക്ഷം രൂപ വരെ അർഹരായവർക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിച്ച തുകയിൽ നിന്നും സബ്സിഡിയായി അനുവദിക്കും.

അമ്പത് വയസ് കവിയാത്തവരും രണ്ടര ലക്ഷം രൂപയ്ക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. വായ്പയുടെ പലിശനിരക്ക് ആറു ശതമാനവും തിരിച്ചടവ് കാലയളവ് മൂന്നു വർഷവുമാണ്.

അപേക്ഷകർക്ക് വിദേശത്ത് തൊഴിൽ ചെയ്യുന്നതിനുള്ള വർക്ക് എഗ്രിമെന്റ്, വീസ, പാസ്പോർട്ട്, എമിഗ്രേഷൻ സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ ലഭിച്ചിരിക്കണം. താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷാ ഫോറത്തിനും വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ അതതു ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടണം.




പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസി ഐ) കൊച്ചി ചാപ്റ്ററിന്റെ നേതൃത്വത്തിൽ ജേർണലിസം വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഏകദിന കണ്ടന്റ് ബൂട്ട് ക്യാമ്പ് മനോരമ ന്യൂസ് വാർത്ത വിഭാഗം ഡയറക്ടർ ജോണി ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.എം മായ, റെജി ജോർജ്,മനോജ് മാനുവൽ, ആന്റോ ജോസഫ്, സി.എ സെൻ ജോർജ്ജ്, ബാബു ജോസഫ്, ഡോ. ടി. വിനയകുമാർ, യു. എസ് കുട്ടി, പി. കെ നടേശ്, ഷെറിൻ വിൽസൺ തുടങ്ങിയവർ സമീപം

# കണ്ടന്റ് ബൂട്ട് ക്യാംപ് സംഘടിപ്പിച്ചു

**കൊച്ചി:** മാധ്യമ വിദ്യാർഥികൾക്കായി പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസി ഐ) കൊച്ചി ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഏകദിന കണ്ടന്റ് ബൂട്ട് ക്യാമ്പ് സംഘടിപ്പിച്ചു. എറണാകുളം വൈ. എം.സി.എയുടെയും ബംബിൾ ബീ ബ്രാൻഡിന്റെയും സഹകരണത്തോടെ എറണാകുളം വൈ എം സി എയിൽ നടന്ന ക്യാമ്പ് മനോരമ ന്യൂസ് വാർത്ത വിഭാഗം ഡയറക്ടർ ജോണി ലൂക്കോസ് ഉദ്ഘാടനം ചെയ്തു. പി.ആർ.സി.ഐ കൊച്ചി ചാപ്റ്റർ ചെയർമാൻ ബാബു ജോസഫ് അധ്യക്ഷത വഹിച്ചു. പി.ആർ.സി.ഐ ദേശീയ സെക്രട്ടറിയും ഗവേണിംഗ് കൗൺസിൽ ഡയറക്ടറുമായ ഡോ.ടി വിനയകുമാർ മുഖ്യപ്രഭാഷണം നടത്തി. ദേശീയ വൈസ് പ്രസിഡന്റ് യു. എസ് കുട്ടി, കേരള ചാപ്റ്റർ ചെയർമാൻ റാം എസ്.മേനോൻ, കൊച്ചി ചാപ്റ്റർ സെക്രട്ടറി മനോജ് മാനുവൽ, ട്രഷറർ പി.കെ നടേഷ്, ക്യാമ്പ് ഡയറക്ടർ എം.മായ, പ്രോഗ്രാം കൺവീനർ ഷെറിൻ വിൽസൺ, വൈ.എം.സി.എ എറണാകുളം എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ സി. എ സെൻ ജോർജ്ജ്, ജനറൽ സെക്രട്ടറി ആന്റോ ജോസഫ്, ജീവൻലാൽ രവി (വിരാട് ക്രിയേഷൻസ്),വന്ദന മോഹൻദാസ് ( കൊച്ചിൻ യൂണിവേഴ്സിറ്റി പി ആർ ഒ), സ്മിതാ ഡി. നായർ (ലെനികോ സൊലൂഷൻസ്), ആർ. അജിത് കുമാർ (മൈത്രി അഡ്വർടൈസിംഗ്), സേതു (പുഷ് 360) തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള 50 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ടി.നസറുദ്ദീൻ അനുസ്മരണ യോഗത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൺ നിർവ്വഹിക്കുന്നു.സുരേഷ് ഗോപി, പ്രദീപ് ജോസ്, സി വി രാജു, ടിജോ തോമസ്, പ്രീമ തുടങ്ങിയവർ സമീപം

# ടി നസറുദ്ദീൻ അനുസ്മരണം സംഘടിപ്പിച്ചു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ നേതൃത്വത്തിൽ ടി.നസറുദ്ദീന്റെ മൂന്നാമത് അനുസ്മരണം സംഘടിപ്പിച്ചു. അനുസ്മരണ യോഗവും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൺ നിർവ്വഹിച്ചു. യൂണിറ്റിലെ കിടപ്പ് രോഗികൾക്കായി നൽകുന്ന വീൽചെയർ, വാക്കർ, ബെഡ് പാൻ തുടങ്ങിയവയുടെ വിതരണ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. യൂണിറ്റ് ജനറൽ സെക്രട്ടറി സി.വി രാജു അധ്യക്ഷത വഹിച്ചു. വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി ,ട്രഷറർ ടിജോ തോമസ്, യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് യൂണിറ്റ് ജനറൽ സെക്രട്ടറി പ്രീമ തുടങ്ങിയവർ പ്രസംഗിച്ചു.

# വിദേശ തൊഴിൽ വായ്പാ പദ്ധതി

**പത്തനംതിട്ട:** പട്ടികജാതിപട്ടികവർഗവികസന കോർപ്പറേഷനും പട്ടികജാതി വികസന വകുപ്പും നടപ്പാക്കുന്ന വിദേശ തൊഴിൽപദ്ധതിയിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഏതെങ്കിലും വിദേശ രാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ നൽകുന്നതിനു ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം. നോർക്ക റൂട്ട്സ്, ഒഡേപെക് എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് മുൻഗണന. 50 വയസ് കവിയാത്തവരും രണ്ടര ലക്ഷം രൂപയ്ക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രം സബ്സിഡി അർഹത.വായ്പയുടെ പലിശ നിരക്ക് ആറു ശതമാനവും തിരിച്ചടവ് കാലയളവ് മൂന്നു വർഷവുമാണ്. അപേക്ഷകർക്ക് വിദേശത്ത് തൊഴിൽ ചെയ്യുന്നതിനുള്ള വർക്ക് എഗ്രിമെന്റ്, വിസ, പാസ്പോർട്ട്, എമിഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിരിക്കണം.

# ഇലക്ട്രിക് സ്കൂട്ടറിന്റെ ബാറ്ററി തകരാർ പരിഹരിച്ചില്ല, 33,000/ രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവ്

**കൊച്ചി:** ഇലക്ട്രിക് സ്കൂട്ടർ വാങ്ങി വാറന്റി കാലയളവിനുള്ളിൽ സ്കൂട്ടറിന്റെ ബാറ്ററി തകരാറിലാവുകയും അത് റിപ്പയർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷി ബാറ്ററി, ചാർജർ എന്നിവയുടെ വിലയും നഷ്ടപരിഹാരവും നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.

എറണാകുളം മഴവന്നൂർ സ്വദേശി ജിജോ ജോർജ്, പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ബോസ് ഇലക്ട്രോ വീൽസ് എന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. 59,990/ രൂപ നൽകിയാണ് പരാതിക്കാരൻ എതിർകക്ഷിയിൽ നിന്നും നിന്നും ഇലക്ട്രിക് സ്കൂട്ടർ 2020 ആഗസ്റ്റിൽ വാങ്ങിയത്. സ്കൂട്ടറിന്റെ ബാറ്ററിക്ക് ഒരു വർഷത്തെ വാറന്റിയും നൽകിയിരുന്നു. എന്നാൽ സ്കൂട്ടർ വാങ്ങിയിട്ട് കുറച്ച് മാസം കഴിഞ്ഞപ്പോൾ തന്നെ ബാറ്ററി തകരാറിലായി. റിപ്പയർ ചെയ്യുന്നതിനായി എതിർകക്ഷിയെ സമീപിച്ചുവെങ്കിലും പഴയ ബാറ്ററി തന്നെ റിപ്പയർ ചെയ്ത് നൽകുകയാണ് എതിർകക്ഷി ചെയ്തത്. അതിനു ശേഷവും സ്കൂട്ടർ ഓടിക്കാൻ കഴിയാത്ത അവസ്ഥയിലായി, ഈ സാഹചര്യത്തിൽ സ്കൂട്ടർ റിപ്പയർ ചെയ്യുന്നതിനുവേണ്ടി പുതിയ ബാറ്ററി പണം നൽകി വാങ്ങുന്നതിന് പരാതിക്കാരൻ നിർബന്ധിതനായി. തുടർന്നാണ് നഷ്ടമായ തുകയും കോടതി ചെലവും ആവശ്യപ്പെട്ടു പരാതികാരൻ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനെ സമീപിച്ചത്. സ്കൂട്ടറിന്റെ പുതിയ ബാറ്ററിയും ചാർജറും വാങ്ങാൻ പരാതിക്കാരൻ നിർബന്ധിതമായ സാഹചര്യമാണ് എതിർകക്ഷികൾ സൃഷ്ടിച്ചത്. എതിർകക്ഷിയുടെ ഈ നടപടി അധാർമികമായ വ്യാപാര രീതിയാണെന്ന് ഡി.ബി ബിനു അധ്യക്ഷനും, വി. രാമചന്ദ്രൻ, ടി എൻ ശ്രീവിദ്യ എന്നിവരുടെ ബെഞ്ച് വിലയിരുത്തി. ബാറ്ററി, ചാർജർ എന്നിവയുടെ വിലയായ 18,150/ രൂപയും, കോടതി ചിലവ്, നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ 15,000/ രൂപയും 30 ദിവസത്തിനകം പരതിക്കാരന് നൽകാൻ എതിർകക്ഷികൾക്ക് ഉത്തരവ് നൽകി.



# സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം

**മെഴുവേലി:** ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ ഇനി ഹരിത വിദ്യാലയങ്ങൾ. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 10 വിദ്യാലയങ്ങളും ഹരിതപരിധിയിൽ ഉൾപ്പെടുത്തിയാണ് പ്രഖ്യാപനം. പ്രസിഡന്റ് പിങ്കി ശ്രീധർ യോഗം ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രജനി അശോകൻ അധ്യക്ഷയായി.

ഹരിത വിദ്യാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി. വൈസ് പ്രസിഡന്റ് അനില ചെറിയാൻ, വാർഡ് മെമ്പർമാരായ രജനി ബിജു, ഷൈനി ലാൽ, വിനീത അനിൽ, സുരേഷ് കുമാർ, ശ്രീദേവി ടോണി, ശുഭാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.



# പഠനോപകരണങ്ങൾ നൽകി

**പത്തനംതിട്ട:** വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പട്ടികജാതിപട്ടികവർഗ കുട്ടികൾക്ക് വീടുകളിൽപഠിക്കുന്നതിനായി പഠനമേശയും കസേരയും നൽകി. 60 കുട്ടികൾക്കാണ് നൽകിയത്. പ്രസിഡന്റ് റ്റി കെ ജയിംസ് ഉദ്ഘാടനം ചെയ്തു. മൂന്നുലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വിനിയോഗിച്ചത്. ഉപരിപഠനം നടത്തുന്ന 12 കുട്ടികൾക്ക് 25000 മുതൽ 40000 രൂപ വരെ മെറിറ്റോറിയൽ സ്കോളർഷിപ്പ് നൽകി. അഞ്ച് കുട്ടികൾക്ക് ലാപ് ടോപ്പ് നൽകും. ഒമ്പത് ലക്ഷം രൂപ വിദ്യാഭ്യാസ പ്രോജക്കുകൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു.

വൈസ് പ്രസിഡന്റ് പൊന്നമ്മ ചാക്കോ അധ്യക്ഷയായി. വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി അധ്യക്ഷരായ രമാദേവി, ഇ വി വർക്കി, പഞ്ചായത്തംഗങ്ങളായ റ്റി കെ രാജൻ, രാജി വിജയകുമാർ, പ്രസന്നകുമാരി, ഷാജി കൈപ്പുഴ തുടങ്ങിയവർ പങ്കെടുത്തു.



# അരൂർ,തുറവൂർ ഉയരപ്പാതയിൽ ടോൾ ഈടാക്കും

## ബൂത്ത് നിർമാണം തുടങ്ങി, ജിപിഎസ് ഉപയോഗിച്ചും ടോൾ പിരിക്കാൻ സാധ്യത

**അരൂർ:** അരൂർ,തുറവൂർ ഉയരപ്പാതയിലൂടെ പോകുന്ന വാഹനങ്ങൾക്ക് ടോൾ ഈടാക്കുന്നതിനായി ഉയരപ്പാതയുടെ മധ്യഭാഗത്തായി ടോൾ ബൂത്തുകൾ നിർമിക്കുന്നു. ഇതിനായി എരമല്ലൂർ കവലയുടെ തെക്കുഭാഗത്ത് ടോൾ ബൂത്തിന്റെ കെട്ടിടത്തിനായി തൂണുകൾ നിർമിക്കുന്ന ജോലികൾ തുടങ്ങി. അരൂരിനും തുറവൂരിനും ഇടയിലുള്ള മധ്യഭാഗത്താണ് ടോൾ ബൂത്ത് ഒരുങ്ങുന്നത്. ഇതിനായി നിലവിലെ പാതയെക്കാൾ വീതി കൂടുതൽ ആവശ്യമുള്ളതിനാൽ കൂടുതൽ സ്ഥലം ഏറ്റെടുത്ത ഭാഗത്താണ് നിർമാണം. ഉയരപ്പാതയുടെ മുകളിൽ തന്നെയാണ് ടോൾ ബൂത്ത് ഒരുക്കുന്നത്.

6 വരിപാതയും മീഡിയനും ടോൾ ബൂത്തും നിർമിക്കുന്നതോടെ നിലവിലെ വീതി തികയാതെ വരും. അതിനാൽ പാതയുടെ ഇരുവശങ്ങളിലും കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടിവന്നു. ഈ സ്ഥലത്താണ് തൂണുകൾ നിർമിക്കുന്നത്. ഇതിനായി പൈലിങ് ജോലികൾ പൂർത്തിയായി. തൂണുകൾ നിർമിക്കുന്ന ജോലിയാണ് നടക്കുന്നത്. ദേശീയപാത വിഭാഗം നേരിട്ടാകും ടോൾ പിരിക്കുക. നിർമാണ ചെലവ് പൂർണമായും പിരിഞ്ഞു കഴിഞ്ഞാൽ ടോൾ പിരിവ് 40 ശതമാനമായി കുറയാനാണു സാധ്യത.

നിലവിൽ ഫാസ്ടാഗ് അധിഷ്ഠിത ടോൾ പിരിവാണെങ്കിലും ജിപിഎസ് ഉപയോഗിച്ചും ടോൾ പിരിവ് നടത്തുന്നതിനായുള്ള സാധ്യത പരിശോധിക്കുകയാണ് ദേശീയപാത അതോറിറ്റി അധികൃതർ.

ഉയരപ്പാത നിർമാണം പൂർത്തിയായതിന് ശേഷം റോഡിന്റെ കാലാവധി 15 വർഷമാണ്. ഇക്കാലയളവിൽ ഉണ്ടാകുന്ന എല്ലാ അറ്റകുറ്റപ്പണികളും നിലവിൽ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ചെയ്യണമെന്നാണ് വ്യവസ്ഥ.



# അപ്പർ ഷോളയാർ ഡാമിൽ ജലനിരപ്പ് കുറഞ്ഞു; ഒന്നാം പവർ ഹൗസിൽ വൈദ്യുതി ഉൽപാദനം നിർത്തി

**വാൽപാറ:** അപ്പർ ഷോളയാറിൽ ജലനിരപ്പ് കുറഞ്ഞതിനാൽ ഒന്നാമത്തെ പവർ ഹൗസിൽ വൈദ്യുതി ഉൽപാദനം നിർത്തിവച്ചതായി അധികൃതർ അറിയിച്ചു. വാൽപാറ പ്രദേശമാകെ രാത്രിയിൽ ശക്തമായ തണുപ്പും പകൽ താങ്ങാനാവാത്ത വെയിലും അനുഭവപ്പെടുന്നതിനാൽ നഗരത്തിനു ചുറ്റുമുള്ള ആറുകളിലും പുഴകളിലും നീരൊഴുക്ക് വളരെ കുറഞ്ഞ നിലയിലാണ്. ഇതുകാരണം അപ്പർ ഷോളയാറിന്റെ ജലനിരപ്പും കുറഞ്ഞു വരികയാണ്. 160 അടി സംഭരണശേഷിയുള്ള ഡാമിൽ ഇപ്പോൾ വെറും 25 അടി വെള്ളമേയുള്ളൂ.

വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞതിനാൽ പവർ ഹൗസ് നമ്പർ 2ൽ നിന്നുമുള്ള വൈദ്യുതി ഉൽപാദനം കഴിഞ്ഞ 30നു നിർത്തലാക്കിയിരുന്നു. അപ്പർ ഷോളയാറിലേക്കു പ്രധാനമായി വെള്ളം വന്നുകൊണ്ടിരുന്ന നടുമലയാറ്, പച്ചമലയാറ്, കുഴാങ്കൽ പുഴ, വെള്ളമല ടണൽ, എന്നീ സ്ഥലങ്ങൾ വറ്റിവരണ്ടതു കാരണം ഡാമിലേക്ക് ഓരോ സെക്കൻഡും വെറും 9 ഘന അടി വെള്ളമാണ് ഒഴുകിയെത്തുന്നത്.

ഇതുകാരണം സംഭരണിയുടെ ചുറ്റും മൺതിട്ടകൾ രൂപപ്പെട്ടിട്ടുണ്ട്. .ഇനി ജൂൺ മാസം തുടങ്ങുന്ന കാലാവർഷത്തോടെയായിരിക്കും വൈദ്യുതി ഉൽപാദനം പുനരാരംഭിക്കുക.

# ചന്ദ്രയാൻ 3 ഇറങ്ങിയ ശിവശക്തി പോയിന്റിന് പഴക്കം 370 കോടി വർഷം; വിവരങ്ങളുമായി ശാസ്ത്രജ്ഞർ

**ബെംഗളൂരു:** 2023ൽ ഇന്ത്യയുടെ അഭിമാന ദൗത്യമായ ചന്ദ്രയാൻ 3 സോഫ്റ്റ് ലാന്റിങ് നടത്തിയ ചന്ദ്രനിലെ പ്രദേശത്തിന് 370 കോടി വർഷം പഴക്കമുണ്ടെന്നു ശാസ്ത്രജ്ഞർ. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെ ശിവശക്തി പോയിന്റ് എന്നറിയപ്പെടുന്ന പ്രദേശത്തിനാണ് ഇത്രയും പഴക്കമുണ്ടെന്ന് ഇന്ത്യൻ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നത്. ബെംഗളൂരുവിലെ ഐഎസ്ആർഒയുടെ ഇലക്ട്രോ ഒപ്റ്റിക്സ് സിസ്റ്റംസ് സെന്റർ, അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറി, ചണ്ഡിഗഡിലെ പഞ്ചാബ് സർവകലാശാല എന്നിവയിലെ ശാസ്ത്രജ്ഞർ ചേർന്ന് റെസല്യൂഷൻ റിമോട്ട് സെൻസിങ് ഡാറ്റാസെറ്റുകൾ ഉപയോഗിച്ചു നടത്തിയ നിരീക്ഷണത്തിൽ നിന്നാണ് ശിവശക്തി പോയിന്റിന്റെ കാലപ്പഴക്കം നിർണയിച്ചത്.

2023 ഓഗസ്റ്റ് 23നായിരുന്നു വിക്രം ലാൻഡറും പ്രഗ്യാൻ റോവറും വഹിക്കുന്ന ചന്ദ്രയാൻ 3 ബഹിരാകാശ പേടകം ചന്ദ്രന്റെ ദക്ഷിണധ്രുവത്തിനു സമീപം ഇറങ്ങിയത്. ഇതോടെ ചന്ദ്രനിൽ ബഹിരാകാശ പേടകം സോഫ്റ്റ് ലാന്റിങ് നടത്തുന്ന നാലാമത്തെ രാജ്യമായും ദക്ഷിണ ധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായും ഇന്ത്യ മാറിയിരുന്നു. സോവിയറ്റ് യൂണിയൻ, യുഎസ്, ചൈന എന്നീ രാജ്യങ്ങളായിരുന്നു ചന്ദ്രനിൽ സോഫ്റ്റ് ലാന്റിങ് നടത്തിയ മറ്റു രാജ്യങ്ങൾ.



# മഴയിൽ കുറവ്, തണുപ്പില്ലാത്ത മഞ്ഞുകാലം; ചൂടിന്റെ തലസ്ഥാനമായി കേരളം

**പത്തനംതിട്ട:** കേരളം ചൂടിന്റെ തലസ്ഥാനമാകുമെന്ന മുന്നറിയിപ്പുമായി സംസ്ഥാന കാലാവസ്ഥാ മാറ്റ പഠന ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക റിപ്പോർട്ട്. കേരളത്തിലെ ശരാശരി താപനിലയിൽ കഴിഞ്ഞ 10 വർഷത്തിനിടെ ക്രമാതീതമായ വർധനവുണ്ടെന്നു വ്യക്തമാക്കുന്ന റിപ്പോർട്ട് തൃശൂരിൽ നടക്കുന്ന സംസ്ഥാന ശാസ്ത്ര കോൺഗ്രസിൽ മുഖ്യമന്ത്രി പിണറായി വിജയനാണു പുറത്തിറക്കിയത്. ഏപ്രിൽ മാസ താപനിലയിലാണ് ഏറ്റവും കൂടിയ വർധനവ് രേഖപ്പെടുത്തിയത് 1.85 ഡിഗ്രി സെൽഷ്യസ്. 124 വർഷത്തിനിടയിൽ സംസ്ഥാനത്തെ വാർഷിക ശരാശരി താപനിലയിലെ വർധന 0.99 ഡിഗ്രിയായി ഉയർന്നതും ഭാവിയെക്കുറിച്ചുള്ള ആശങ്കയായി റിപ്പോർട്ടിലുണ്ട്.

2024 കേരള ചരിത്രത്തിൽ രേഖപ്പെടുത്തിയ ഏറ്റവും ചൂടേറിയ വർഷമായി മാറിയെന്നും ഇന്ത്യൻ കാലാവസ്ഥാ വകുപ്പുമായി ചേർന്നു പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. 2016ൽ 0.77 ഡിഗ്രിയും 2023ൽ 0.76 ആയിരുന്ന താപനിലയാണ് പെട്ടെന്ന് വർധിച്ച് 0.99 ഡിഗ്രി ആയി ഉയർന്നത്. സംസ്ഥാനത്തെ എല്ലാ ഋതുക്കളിലും താപനില വർധിക്കുന്ന പ്രവണത ദൃശ്യമായതായും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ മുന്നറിയിപ്പുണ്ട്.

ശൈത്യകാല താപനിലയിലെ വർധന പോലും 1.17 ഡിഗ്രിയാണ്. സംസ്ഥാനത്തെ ഏറ്റവും തണുപ്പു കുറഞ്ഞ മഞ്ഞുകാലത്തിനാണ് ഈ ഡിസംബറിൽ തിരശീല വീണത്. ജനുവരിയിലും തണുപ്പു കുറഞ്ഞതിന്റെ കാരണം റിപ്പോർട്ടിൽനിന്നു വ്യക്തം; ജനുവരിയിലെ കുറഞ്ഞ താപനിലയിൽ 1.71 ഡിഗ്രി വർധനയുണ്ട്. വേനൽക്കാല താപനിലയിൽ 1.13 ഡിഗ്രിയും മൺസൂൺ കാല താപനിലയിൽ 0.95 ഡിഗ്രിയും അതിനുശേഷമുള്ള സമയത്ത് 0.81 ഡിഗ്രിയും ശരാശരി ചൂടിൽ വർധന. റെക്കോർഡ് താപനില അനുഭവപ്പെട്ട 10 വർഷങ്ങളിൽ ഒൻപതും 2015–2024 കാലഘട്ടത്തിലാണ്.

കഴിഞ്ഞ 100 വർഷത്തിനിടയിൽ ഏറ്റവും കൂടിയതും കുറഞ്ഞതുമായ താപനിലകൾ തമ്മിലുള്ള അംശബന്ധ കണക്കിലും വർധനയുടെ പ്രവണത വ്യക്തമാണ്. 1.15 ഡിഗ്രിയുടെ താപവർധനയാണ് ഇതിൽ കണ്ടെത്തിയത്. കൂടിയ താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള അന്തരം 10 ഡിഗ്രിക്കു താഴെ നിന്നില്ലെങ്കിൽ ആ പ്രദേശം ഭാവിയിൽ കൊടും വരൾച്ചയുടെ പിടിയിലേക്കാവും പോകുന്നതെന്ന സൂചനയും വിദഗ്ധർ മുന്നോട്ടു വയ്ക്കുന്നു. മധ്യകേരളത്തിൽ കാലവർഷം ദുർബലമാവുകയും വേനൽമഴ തീവ്രമഴയായി പെയ്തിറങ്ങുകയും ചെയ്യുന്ന പ്രവണതയും ചൂടേറ്റത്തിന്റെ ഫലമാകാം. കഴിഞ്ഞ 100 വർഷത്തിനിടെ കാലവർഷം 12.4%, തുലാമഴ 5.4 % എന്നിങ്ങനെ കുറയുന്ന പ്രവണതയാണ്.

# എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ജലപരിശോധനാ ലാബ് ആരംഭിച്ചു

**കൊച്ചി:** മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായിഹരിത കേരളം മിഷനും വിദ്യാഭ്യാസ വകുപ്പും കൊച്ചി നഗരസഭയും ചേർന്ന് എറണാകുളം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ജല പരിശോധന ലാബിന്റെയും കൊച്ചി കോർപറേഷനും ഹരിത വികസന ഏജൻസി ജിസും ചേർന്ന് മാലിന്യ സംസ്കരണത്തെ സംബന്ധിച്ചു സംഘടിപ്പിച്ച ഏകദിന ശിൽപശാല യുടേയും ഉത്ഘാടനം കൊച്ചി നഗരസഭ വിദ്യാഭ്യാസ സമിതി ചെയർമാൻ വി എ ശ്രീജിത്ത് നിർവഹിച്ചു. എറണാകുളം ഗവൺമെൻറ് ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മിനിറാം കെ., ശ്രീജ പി.എസ്, ഡോ. രമേശ്, ജോഷി വർഗീസ്, നിസ. എ, രാജശ്രീ കുമ്പളം, അബിഗേൽ തോമസ് എന്നിവർ സംസാരിച്ചു

സോളിഡ് വേസ്റ്റ് മാനേജ്മെൻറ്, കമ്പോസ്റ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകി. ഹയർസെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥികളും അധ്യാപകരും ശില്പശാലയിൽ പങ്കെടുത്തു.



# ടി .നസറുദ്ദീൻ അനുസ്മരണവും വ്യാപാരി പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനവും

**പള്ളിക്കര:** മർച്ചൻറ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ടി.നസറുദ്ദീൻ ദിനം സമുചിതമായി ആചരിച്ചു വ്യാപാരഭവനിൽ നടന്ന ചടങ്ങിൽ അസ്സോസിയേഷൻ പ്രസിഡണ്ട് ഇ ഏ ബാബു പതാക ഉയർത്തി തുടർന്ന് നസറുദ്ദീന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി

പള്ളിക്കര മർച്ചന്റ്സ് അസ്സോസിയേഷൻ അംഗങ്ങൾക്കും വ്യാപാരം അവസാനിപ്പിച്ച് വിശ്രമജീവിതം നയിക്കുന്ന മുൻ അംഗങ്ങൾക്കുള്ള വ്യാപാരി പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ട്രഷറർ അജ്മൽ നിർവ്വഹിച്ചു അസ്സോസിയേഷൻ പ്രസിഡണ്ട് ഇ ഏ ബാബുവിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നിയോജക മണ്ഡലം പ്രസിഡണ്ട് സോണി ആൻറണി നസറുദ്ദീൻ അനുസ്മരണ പ്രഭാഷണം നടത്തി രക്ഷാധികാരി ബാബു കുര്യാക്കോസ് മുതിർന്ന വ്യാപാരികളെ ആദരിച്ചു വനിതാ വിംഗ് പ്രസിഡണ്ട് ചിന്നമ്മ ബാബു, യൂത്ത് വിംഗ് പ്രസിഡണ്ട് എൽ സൺ എലിയാസ് ,അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു ജനറൽ സെക്രട്ടറി ജോയി സ്വാഗതവും ട്രഷറർ ജോസ് നന്ദിയും പറഞ്ഞു.

# വൈക്കോൽ എടുക്കാനാളില്ല; കർഷകർ ദുരിതത്തിൽ

പുന്നയൂർക്കുളം: മുണ്ടകൻ കൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിൽ വൈക്കോൽ എടുക്കാൻ ആളില്ലാത്തതിനെത്തുടർന്ന് കർഷകർ കഷ്ടത്തിലായി. വൈക്കോൽവിൽപ്പന കൃഷിക്കാർക്ക് ആശ്വാസമായിരുന്നു.

ഇത്തവണ തിരിച്ചടിയായി. പുന്നയൂർ, പുന്നയൂർക്കുളം പഞ്ചായത്തുകളിലെ ഈച്ചിപ്പാടം, ഭട്ടതിരിപ്പാടം തുടങ്ങിയ പാടശേഖരങ്ങളില് വൈക്കോൽ കെട്ടിക്കിടക്കുകയാണ്. മുൻ വർഷങ്ങളിൽ വൈക്കോൽ കെട്ടിന് 150 മുതൽ 200 രൂപ വില ലഭിക്കുമായിരുന്നു. എന്നാൽ ഇക്കുറി 100 രൂപയ്ക്ക് കൊടുക്കാമെന്നു പറഞ്ഞിട്ടും വൈക്കോൽ കൊണ്ടുപോകാൻ ആവശ്യക്കാരില്ലാതെ കർഷകൻ കരച്ചിലിൻറെ വക്കത്താണ്. നെല്ലിൻറെ വിലയോടൊപ്പം വൈക്കോൽ വിറ്റുകിട്ടുന്ന പണം കർഷകർക്ക് ഏറെ ആശ്വാസകരമായിരുന്നു.

മുൻകാലങ്ങളിൽ പേപ്പർമില്ലുകളിലേക്കും ഫാമുകളിലേക്കും വൻതോതിൽ വൈക്കോൽ കയറ്റിപ്പോയിരുന്നു. എന്നാൽ വൈക്കോൽ തേടി ആവശ്യക്കാരെത്താത്തത് കർഷകർക്ക് തിരിച്ചടിയായി. ഒരു കെട്ട് വൈക്കോൽ കെട്ടാൻ 35 രൂപ കർഷകന് ചെലവുണ്ട്. ഇതിനുപുറമേ കയറ്റിറക്കുകൂലി, വാഹനവാടക എന്നിയിനത്തിൽ ചെലവുകൾ വേറെയുംവരും.

വൈക്കോൽ സംഭരിക്കാൻ സർക്കാർ തലത്തിൽ സംവിധാനമൊരുക്കണമെന്നാണ് കർഷകരുടെ ആവശ്യം.



# സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ്: സീനിയർ വിഭാഗം മത്സരങ്ങൾ തുടങ്ങി

**കണ്ണൂർ:** സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ സീനിയർ വിഭാഗം മത്സരങ്ങൾ കണ്ണൂർ കക്കാട് ഡ്രീംസ് അരീനയിൽ രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ദ്രോണാചാര്യ അവാർഡ് ജേതാവ് ബാഡ്മിൻറൺ അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡൻറ് എസ് മുരളീധരനെ ചടങ്ങിൽ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

കേരള ബാഡ്മിൻറൺ (ഷട്ടിൽ) അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. അനിൽ അമ്പലക്കര അധ്യക്ഷത വഹിച്ചു. സംഘാടക സമിതി ജനറൽ കൺവീനർ ഡോ. പി കെ ജഗന്നാഥൻ, കണ്ണൂർ ജില്ലാ ബാഡ്മിൻറൺ അസോസിയേഷൻ പ്രസിഡൻറ് കെ പി അബ്ദുൽ അസീസ്, വൈസ് പ്രസിഡൻറ് കെ രാജേഷ്, ജില്ലാ നെറ്റ്ബാൾ അസോസിയേഷൻ പ്രസിഡൻറ് ഷാഹിൻ പള്ളിക്കണ്ടി, ജില്ലാ അക്വാട്ടിക് അസോസിയേഷൻ പ്രസിഡൻറ് ഷാബിൻകുമാർ യുപി എന്നിവർ സംസാരിച്ചു.




# പാലിയേറ്റീവ് കുടുംബ സംഗമം സ്നേഹതീരം ഉദ്ഘാടനം ചെയ്തു

**കട്ടപ്പന:** കാമാക്ഷി ഗ്രാമപഞ്ചായത്തിൽ അവശത അനുഭവിക്കുന്ന നിത്യരോഗികളുടെ കുടുംബ സംഗമം സ്നേഹതീരം സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. അശരണരായ പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനായി കാമാക്ഷി ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് ചെയ്ത് മന്ത്രി പറഞ്ഞു. പാലിയേറ്റീവ് രോഗികളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന തങ്കമണി ദൈവദാൻ വൃദ്ധസദനത്തിലെ അംഗങ്ങൾക്കായി പതിനായിരം രൂപയുടെ സമ്മാനപത്രവും മന്ത്രി കൈമാറി.

തങ്കമണി സെന്റ്. തോമസ് പാരിഷ് ഹാളിൽ നടന്ന യോഗത്തിൽ കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനുമോൾ ജോസ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് റോമിയോ സെബാസ്റ്റ്യൻ പാലിയേറ്റീവ് നഴ്സ് പെണ്ണമ്മ തോമസിനെ ആദരിച്ചു. ജില്ലാ പഞ്ചായത്തംഗം കെ. ജി സത്യൻ ഡയാലിസിസ് രോഗികൾക്ക് ധനസഹായ വിതരണം നടത്തി.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റെജി മുക്കാട്ട്, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ റെനി റോയി, വികസന കാര്യ സ്ഥിരം സമിതി അധ്യക്ഷ ചിഞ്ചുമോൾ ബിനോയി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എം.ജെ ജോൺ, എൻ ആർ അജയൻ, വി.എൻ പ്രഹ്ളാദൻ, ഷേർളി ജോസഫ്, റീന സണ്ണി, ജോസ് തൈച്ചേരിൽ, കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ജിൻസി ജോസ് എന്നിവർ സന്നിഹിതരായിരുന്നു.



# പാരിസ്ഥിതിക രോഗകാരണം: ശിൽപ്പശാല നടത്തി

**കൊച്ചി:** അമൃത ആശുപത്രിയിലെ കാർഡിയോളജി, പീഡിയാട്രിക് കാർഡിയോളജി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ ഹൃദയാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പാരിസ്ഥിതിക ഘടകങ്ങളുടെ ശാസ്ത്രീയ വിശകലനരീതികളിൽ ശിൽപ്പശാല നടത്തി. സെന്റർ ഫോർ ക്രോണിക് ഡിസീസ് കൺട്രോൾ, അശോക യൂണിവേഴ്സിറ്റി, അമേരിക്കയിലെ ഹാർവാർഡ് ടി.എച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, സ്വീഡനിലെ കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹകരണത്തോടെ നടത്തിയ പരിശീലന പരിപാടി അമൃത ആശുപത്രി ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്തു.പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. കൃഷ്ണകുമാർ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. അശ്വതി എസ്, പബ്ലിക് ഹെൽത്ത് വിഭാഗം മേധാവി ഡോ. കെ. ആർ തങ്കപ്പൻ എന്നിവർ സംസാരിച്ചു.ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്ന വായു മലിനീകരണം, കാലാവസ്ഥാ വ്യതിയാനങ്ങൾ, തുടങ്ങിയ പാരിസ്ഥിതിക ഘടകങ്ങളെ വിശകലനം ചെയ്യുന്നതിൽ അമ്പതോളം ഗവേഷണ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചു. പ്രൊഫ. ഡി. പ്രഭാകരൻ, പ്രൊഫ. പൂർണിമ പ്രഭാകരൻ, ഡോ. പീറ്റർ ജുങ്മാൻ, ഡോ. മസ്സീമോ സ്റ്റഫോഗ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

# കുസാറ്റ്: ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്രത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്രത്തിൽ (ഡിഡിയുകെകെ) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

കമ്പ്യൂട്ടർ സയൻസ്/ടെക്നോളജി/ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ വിഷയങ്ങളിൽ ഫസ്റ്റ് ക്ലാസ് ബി.ടെക് ബിരുദം, മൊബൈൽ ഫോൺ ആപ്ലിക്കേഷൻ ഡവലപ്മെന്റിൽ രണ്ട് വർഷം പ്രവൃത്തിപരിചയം എന്നിവയുള്ളവർക്ക് അപേക്ഷിക്കാം. നെറ്റ് വർക്കിംഗിൽ പ്രവൃത്തിപരിചയം അഭികാമ്യം. 18 നും 36 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 10022025നോ അതിനുമുമ്പോ recruit.cusat.ac.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി, പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കൊച്ചി22 എന്ന വിലാസത്തിൽ 17022025നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം.

# മെഗാ ജോബ് ഫെയർ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെന്ററിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 15 ശനിയാഴ്ച 'പ്രയുക്തി മെഗാ തൊഴിൽമേള' കുസാറ്റിൽ സംഘടിപ്പിക്കുന്നു. 10, 12, ഐടിഐ, ഡിപ്ലോമ, യുജി, പിജി, ബിടെക്, എംടെക്, ബികോം, എംകോം, ബിഎസ് സി, എംഎസ് സി, ബി.ഫാം, ഡി. ഫാം തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് https://www.empekm.in എന്ന വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ ചെയ്ത് തൊഴിൽമേളയിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842576756/8129793770 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ശമ്പളവും പെൻഷനും പരിഷ്ക്കരിക്കണം: റിട്ട.ജഡ്ജസ് അസോസിയേഷൻ

**കൊച്ചി:** റിട്ടയേർഡ് ജഡ്ജിമാരുടെ പെൻഷനും ജഡ്ജിമാരുടെ ശമ്പളവും പരിഷ്കരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് കേരള റിട്ടയേർഡ് ജഡ്ജസ് അസോസിയേഷൻ വാർഷിക പൊതു സമ്മേളനം ആവശ്യപ്പെട്ടു.

മുൻ സീനിയർ ജില്ലാ ജഡ്ജി എൻ. സുകുമാരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. അമീർ അലി അധ്യക്ഷനായിരുന്നു. വിവിധ മേഖലകളിൽ പ്രശസ്ത കഴിവുകൾ കാഴ്ചവെച്ച ബാബു പ്രകാശ്, ഫെലിക്സ് മേരിദാസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.




# ശിവരാത്രി: സുരക്ഷ ഉറപ്പുവരുത്തും

**ആലുവ:** ശിവരാത്രിയോടനുബന്ധിച്ച് ബലിതർപ്പണത്തിന് മണപ്പുറത്ത് എത്തുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുമെന്ന് ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന പറഞ്ഞു. ജില്ലാ പോലീസ് ആസ്ഥാനത്ത് വിവിധ വകുപ്പ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടന്ന യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷാ ജോലികൾക്ക് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, പ്രധാനപ്പെട്ട നിരത്ത്, മണപ്പുറം, പാലം എന്നിവിടങ്ങളിൽ ഷാഡോ പോലീസുണ്ടാകും. വാച്ച് ടവറുകളിലും പോലീസുണ്ടാകും. 24 മണിക്കൂറും സി സി ടി വി ക്യാമറകൾ പരിശോധിക്കും. മണപ്പുറത്ത് പോലീസ് കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കും.

ഷോപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനമൊരുക്കണമെന്ന് എസ്.പി നിർദ്ദേശം നൽകി.

രജിസ്റ്റർ ചെയ്യുന്നിടത്ത് പോലീസ് സേവനം ലഭ്യമാക്കും. അമ്യൂസ്മെന്റ് പാർക്കിലെ റൈഡുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാണ് എസ്.പി പറഞ്ഞു. മണപ്പുറത്തും, തോട്ടക്കാട്ടുകരയിലും ഫയർ സർവീസ് കേന്ദ്രങ്ങളുണ്ടാകുമെന്നും, സ്കൂബ ഡൈവിംഗ് ടീം സജ്ജമാണെന്നും ഫയർ ആന്റ് റസ്ക്യു ഉദ്യോഗസ്ഥർ പറഞ്ഞു. ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുമെന്നും, കർശന പരിശോധന ഉണ്ടാകുമെന്നും ഭക്ഷ്യ സുരക്ഷവിഭാഗം ഉദ്യോഗസ്ഥർ പറഞ്ഞു.

കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കുണ്ടാകും. റയിൽവേ സ്റ്റേഷൻ പരിസരത്ത് അധിക റയിൽവേ പോലീസു ഉദ്യോഗസ്ഥരുണ്ടാകും. പ്രധാന സ്ഥലങ്ങളിൽ കുടിവെള്ളമുണ്ടാകും. വൈദ്യുതി നിലയ്ക്കാതിരിക്കാൻ സംവിധാനമൊരുക്കും. റോഡുകളുടെ അറ്റകുറ്റ പണികൾ അടുത്ത ദിവസം തന്നെ ആരംഭിക്കും.മുൻസിപ്പൽ ചെയർമാൻ എം.ഒ ജോൺ, ആലുവ ഡി വൈ എസ് പി ടി.ആർ രാജേഷ്, സ്പെഷൽ ബ്രാഞ്ച് ഡി വൈ എസ് പി വി.എസ് നവാസ് തുടങ്ങിയവർ പ്രസംഗിച്ചു.

ആലുവ മുൻസിപ്പാലിറ്റി, ഭക്ഷ്യ സുരക്ഷാ വിഭാഗം, ഫയർ ആൻഡ് റെസ്ക്യൂ, കെ.എസ്.ഇ.ബി, ഇറിഗേഷൻ വിഭാഗം, വാട്ടർ അതോറിറ്റി, റെയിൽവേ പോലീസ്, എക്സൈസ് ഡിപ്പാർട്ട്മെന്റ്, റോഡ്സ് ആൻഡ് ബ്രിഡ്ജസ്, പിഡബ്ല്യുഡി, മാധ്യമപ്രവർത്തകർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ക്ഷേത്ര ഉപദേശക സമിതി, തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

# റിയൽ എസ്റ്റേറ്റ് വിപണിയിൽ കുതിച്ചുയർന്ന് കൊച്ചി

**കൊച്ചി:** വ്യാവസായിക റിയൽ എസ്റ്റേറ്റ് രംഗത്ത് ശക്തമായ സാന്നിധ്യമായ കൊച്ചി മാറുകയാണെന്ന് റിപ്പോർട്ടുകൾ. കേരളത്തിലെ റിയൽ എസ്റ്റേറ്റ് മേഖലയെ കുറിച്ച് റിയൽ എസ്റ്റേറ്റ് കൺസൾട്ടിങ് സ്ഥാപനമായ സിബിആർഇ സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡും ക്രെഡായ് (ഇഞ്ഞളഉഅക) കേരളയും ചേർന്ന് തയാറാക്കിയ സമഗ്ര റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓഫിസ്, റീറ്റെയ്ൽ റിയൽ എസ്റ്റേറ്റ് മേഖലകളിൽ മികച്ച പ്രകടനമാണ് കൊച്ചി നടത്തിയിരിക്കുന്നത്. കൊച്ചിയിൽ ലഭ്യമായ ഓഫീസ് സ്പേസുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 28% വളർച്ചയുണ്ടായി.

2024 ഡിസംബർ അവസാനം വരെയുള്ള കണക്കുകൾ പ്രകാരം 1.7 കോടി സ്ക്വയർ ഫീറ്റ് സ്ഥലമാണ് ഓഫിസ് ആവശ്യങ്ങൾക്കായി കൊച്ചിയിൽ ലഭ്യമായിട്ടുള്ളത്. റീട്ടെയിൽ സ്പേസിൽ 2020 മുതൽ 9% വളർച്ചയും രേഖപ്പെടുത്തി. ഇതിനായി 34 ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലമാണ് നിലവിൽ കൊച്ചിയിൽ ആകെയുള്ളത്.

വരുംദിവസങ്ങളിൽ കൂടുതൽ വളർച്ചയുണ്ടാകുമെന്ന പ്രതീക്ഷയും ഇപ്പോഴത്തെ ട്രെൻഡുകൾ നൽകുന്നുണ്ടെന്നും റിപ്പോർട്ടിൽ ഉണ്ട്. 'കേരളത്തിൻറെ വളർച്ച: ഇന്ത്യൻ വികസനത്തിൻറെ തുടിപ്പ്' എന്ന് പേരിട്ടിരിക്കുന്ന റിപ്പോർട്ട്, ക്രെഡായ് കേരള സ്റ്റേറ്റ് കോൺ 2025നിടെയാണ് പുറത്തിറക്കിയത്.

2024 ൽ ടെക്നോളജി കമ്പനികളാണ് കൊച്ചിയിൽ ഏറ്റവുമധികം കെട്ടിടങ്ങൾ പാട്ടത്തിനെടുത്തത്. ആകെ ഓഫിസ് സ്പേസിൻറെ 44% വും ഇത്തരം കമ്പനികളാണ്. തൊട്ടുപിന്നാലെ, 25% വിപണിവിഹിതവുമായി ഗവേഷണ, കൺസൾട്ടിങ്, അനലിറ്റിക്സ് (ആർ.സി.എ) സ്ഥാപനങ്ങളുമുണ്ട്. ഫ്ലെക്സ് സ്പേസ് ഓപ്പറേറ്റർമാർ (വിവിധ ആവശ്യാനുസരണം ഓഫിസ് സ്പെയ്സ് വിനിയോഗിക്കുന്നവർ) 12%, ഏവിയേഷൻ രംഗം 11%, ബാങ്കിങ്, ഫിനാൻസ്, ഇൻഷുറൻസ് കമ്പനികൾ 4%, എഞ്ചിനീയറിംഗും നിർമാണവും 3%, മറ്റുള്ളവ 1% എന്നിങ്ങനെയാണ് കണക്കുകൾ.

ഇതിൽ 57% റിയൽ എസ്റ്റേറ്റും ആഭ്യന്തര കമ്പനികളാണ് വിനിയോഗിക്കുന്നത്. 29% സ്ഥലത്ത് അമേരിക്കൻ കമ്പനികളും യൂറോപ്പ്, മധ്യേഷ്യ, ആഫ്രിക്ക എന്നീ മേഖലകളിൽ നിന്നുള്ള കമ്പനികൾ 11% സ്ഥലവും പാട്ടത്തിനെടുത്തിട്ടുണ്ട്. ഏഷ്യൻ കമ്പനികൾ 3% സ്ഥലമാണ് പ്രയോജനപ്പെടുത്തിയത്. അമ്പതിനായിരം സ്ക്വയർ ഫീറ്റിൽ താഴെയുള്ള ചെറു ഓഫിസുകൾക്കാണ് ആവശ്യക്കാരേറെയെന്നും (78%) 2024ലെ കണക്കുകൾ വ്യക്തമാക്കുന്നു.

കൊച്ചിയുടെ റിയൽ എസ്റ്റേറ്റ് രംഗത്തെ വളർച്ചയ്ക്ക് പ്രേരകമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് റിപ്പോർട്ടിൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള സാങ്കേതിക കമ്പനികൾക്ക് അനുയോജ്യവും ലാഭകരവുമായ ഇടമായി കൊച്ചിയെ ഉയർത്തിക്കാട്ടാനുള്ള സംസ്ഥാന സർക്കാരിൻറെ ശ്രമങ്ങളും ഫലം കണ്ടിട്ടുണ്ട്.

ദക്ഷിണേന്ത്യയിലെ മറ്റ് പ്രധാന നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, ഭാവിയിൽ ഒരു ഐടി ഹബ് എന്ന നിലയിൽ കൊച്ചി നിലയുറപ്പിക്കുമെന്ന് തന്നെയാണ് കണക്കുകൾ നൽകുന്ന പ്രതീക്ഷ. കൊച്ചി ഇൻഫോപാർക്ക് സ്പെഷ്യൽ ഇക്കോണോമിക് സോൺ സ്ഥാപിച്ചതും, സർക്കാരിൻറെ അനുകൂലമായ നടപടികളും അടിസ്ഥാന സൗകര്യരംഗത്തെ വൻ മാറ്റങ്ങളും വിദഗ്ധരായ പ്രൊഫഷണലുകളുടെ സാന്നിധ്യവും കൊച്ചിയെ ഐടി കമ്പനികൾക്കിടയിൽ ആകർഷകമാക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി മെട്രോ: കലൂർ ജെഎൽഎൻ സ്റ്റേഡിയം റൂട്ടിലെ വേഗ നിയന്ത്രണം ഒരാഴ്ചയ്ക്കുള്ളിൽ നീക്കും

**കൊച്ചി:** കലൂർജെഎൽഎൻ സ്റ്റേഡിയം റൂട്ടിലെ ട്രാക്കിലെ അറ്റകുറ്റപ്പണിയെതുടർന്ന് ഏർപ്പെടുത്തിയ വേഗ നിയന്ത്രണം ഒരാഴ്ചയ്ക്കുള്ളിൽ നീക്കി പതിവ് വേഗം പുനസ്ഥാപിക്കുമെന്ന് കെഎംആർഎൽ അറിയിച്ചു. പതിവ് പരിശോധനയ്ക്കിടെ ഈ ഭാഗത്തെ പില്ലറിന് മുകളിൽ ട്രാക്കിന് ഇടയിലുള്ള പെഡസ്റ്റിയൽ ഭാഗത്തെ ബുഷിന് തേയ്മാനം കണ്ടെത്തിയതിനെ തുടർന്നാണ് വേഗ നിയന്ത്രണം ഏർപ്പെടുത്തിയത്. ബുഷ്മാറ്റി സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുകയാണെന്ന് കെ.എം.ആർ.എൽ അറിയിച്ചു.

## മുതിർന്ന പൗരന്മാർക്ക് പ്രത്യേക പാക്കേജുമായി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്

**കൊച്ചി :**സമൂഹത്തിലെ പ്രായമായ അംഗങ്ങളുടെ സവിശേഷമായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സീനിയർ സിറ്റിസൺ സേവിംഗ്സ് അക്കൗണ്ടും സീനിയർ സിറ്റിസൺ ഫിക്സഡ് ഡിപ്പോസിറ്റുകളും ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് പുറത്തിറക്കി. ഈ പ്രോഗ്രാമിന് കീഴിൽ 'സീനിയർ സിറ്റിസൺ സ്പെഷ്യൽസ്' എന്ന പേരിൽ ബാങ്ക് മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ ഫീച്ചർ അവതരിപ്പിച്ചു

## സൈബർ സുരക്ഷാ ബോധവൽക്കരണ സംരംഭം ആരംഭിച്ചു

**കൊച്ചി:** ഫെഡറൽ എക്സ്പ്രസ് കോർപ്പറേഷൻ , ലോക്കൽ പോലീസ്, സൈബർ സെക്യൂരിറ്റി സെല്ലുകൾ, യുണൈറ്റഡ് വേ മുംബൈ എന്നിവയുമായി സഹകരിച്ച് രാജ്യവ്യാപകമായി സൈബർ സുരക്ഷാ ബോധവത്കരണ, പരിശീലന പരിപാടി ആരംഭിച്ചു. '2024ൽ, സൈബർ തട്ടിപ്പുകളിൽ 1.7 ബില്യൺ രൂപയുടെ നഷ്ടമാണ് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തത്. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അവബോധം വളർത്തുക എന്നതാണ് നമ്മുടെ ഏറ്റവും ഫലപ്രദമായ പ്രതിരോധമെന്ന് 'ഫെഡ്എക്സിലെ മാർക്കറ്റിംഗ്, കസ്റ്റമർ എക്സ്പീരിയൻസ് ആൻറ് എയർ നെറ്റ്‌വർക്ക്, മിഡിൽ ഈസ്റ്റ്, ഇന്ത്യൻ സബ്കോണ്ടിനൻ്റ് ആൻ്റ് ആഫ്രിക്ക (എം.ഇ.ഐ.എസ്.എ.) വൈസ് പ്രസിഡൻ്റ് നിതിൻ നവനീത് തതിവാല പറഞ്ഞു.സുരക്ഷിതമായ ഓൺലൈൻ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഫിഷിംഗ്, ഐഡൻ്റിറ്റി മോഷണം, ഡിജിറ്റൽ പേയ്മെൻ്റ് തട്ടിപ്പുകൾ, സോഷ്യൽ മീഡിയ തട്ടിപ്പ് തുടങ്ങിയ സൈബർ ഭീഷണികളെ തിരിച്ചറിയുന്നതിനും തടയുന്നതിനുമുള്ള നൈപുണ്യങ്ങളാൽ അവരെ പ്രാപ്തരാക്കുന്നതിലൂടെയും മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കൗമാരക്കാർ എന്നിവർക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്, 10,000ത്തിലധികം വ്യക്തികളെ ബോധവൽക്കരിക്കാനും ശാക്തീകരിക്കാനും ഈ മുൻകൈയെടുക്കൽ സംരംഭം ലക്ഷ്യമിടുന്നു. പരിപാടിയുടെ ഭാഗമായി, പ്രാദേശിക നിയമ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും നൽകും.

## മണിപാൽ സിഗ്ന കേരളത്തിൽ വിതരണ ശൃംഖല വിപുലീകരിക്കുന്നു

**കൊച്ചി:** വിദ്യാഭ്യാസവും പരിശീലനവും വഴി ശാക്തീകരണം എന്ന ലക്ഷ്യവുമായി മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷുറൻസ് കേരളത്തിലെ വിതരണ ശൃംഖല വിപുലീകരിക്കുന്നു. കേരളത്തിലും തമിഴ്നാട്ടിലും കർണാടകത്തിലുമായി 2025 ഓടെ 10,000 അഡ്വൈസർമാരെ നിയമിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. വ്യക്തികളെ ഹെൽത്ത് ഇൻഷുറൻസ് അഡ്വൈസർമാരാക്കാൻ ശാക്തീകരിക്കുന്ന വിധത്തിൽ പിന്തുണയും വിദ്യാഭ്യാസവും ലക്ഷ്യമിട്ടുള്ള സർട്ടിഫിക്കേഷനാണ് ചീഫ് മാർക്കറ്റിങ് ഓഫിസർ സ്വപ്ന ദേശായി, സൗത്ത് സോണൽ മേധാവി ധർവേഷ് മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നത്.വനിതകളെ ഹെൽത്ത് ഇൻഷുറൻസ് അഡ്വൈസർ എന്ന കരിയറിൽ ഉയർന്നു വരാൻ സഹായിക്കുന്ന വിധത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നേരത്തെയും സംഘടിപ്പിച്ചിരുന്നു. ഹെൽത്ത് ഇൻഷുറൻസ് അഡ്വൈസർ എന്ന നിലയിൽ തങ്ങളുടെ കരിയർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തികൾക്ക് മികച്ച സാമ്പത്തിക അവസരങ്ങളാണ് ഈ മേഖല ലഭ്യമാക്കുന്നത്.ഇൻഷുറൻസ് അവബോധം വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ വ്യക്തികളെ ഫിനാൻഷ്യൽ അഡ്വൈസർ എന്ന നിലയിൽ പ്രവർത്തിക്കാനാണ് തങ്ങൾ പ്രാപ്തരാക്കുന്നതെന്ന് മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷുറൻസ് ചീഫ് മാർക്കറ്റിങ് ഓഫീസർ സപ്ന ദേശായ് പറഞ്ഞു.

## അഡ്വാൻസ്ഡ് സിസ് ടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വ്യാവസായിക ഓട്ടോമേഷൻ മേഖലയിൽ മുന്നിരക്കാരായ അഡ്വാൻസ്ഡ് സിസ് ടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 115 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 15.27 ലക്ഷം ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഇംഗ വെഞ്ചേഴ്സ്, സോവിലോ ക്യാപിറ്റൽ അഡ്വൈസേഴ്സ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# വില കുതിച്ചുയർന്നു; സ്വർണത്തിന്റെ ആഗോള ഡിമാന്റ് പുതിയ ഉയരത്തിൽ

**കൊച്ചി:** 2024ൽ വില കുതിച്ചുയർന്നതിനെത്തുടർന്ന് സ്വർണ്ണത്തിന്റെ ആഗോള ഡിമാന്റ് പുതിയ ഉയരത്തിലെത്തി. വേൾഡ് ഗോൾഡ് കൗൺസിലിന്റെ 2024 നാലാം പാദത്തിലെയും മുഴുവൻ വർഷത്തെയും സ്വർണ്ണ ഡിമാന്റ് ട്രെൻഡ്സ് റിപ്പോർട്ടിൽ മാത്തം വാർഷിക സ്വർണ്ണ ഡിമാന്റ് 4,974 ടൺ എന്ന റെക്കോർഡ് ഉയരത്തിലെത്തിയതായാണ് വെളിപ്പെടുത്തുന്നത്. ശക്തമായ സെൻട്രൽ ബാങ്കിന്റെ വാങ്ങലും നിക്ഷേപ ഡിമാന്റിലെ വളർച്ചയുമാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. റെക്കോർഡ് നിലയിലെ ഉയർന്ന സ്വർണ്ണ വിലയും വോള്യവും ചേർന്ന് ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന മൊത്തം ഡിമാന്റ് മൂല്യം 382 ബില്യണിലെത്തിച്ചു. വേഗത്തിൽ സ്വർണം വാങ്ങുന്നത് 2024ലും സെൻട്രൽ ബാങ്കുകൾ തുടരുകയും, തുടർച്ചയായ മൂന്നാം വർഷവും വാങ്ങലുകൾ 1,000 ടണ്ണിൽ കൂടുതലാവുകയും ചെയ്തു. നാലാം പാദത്തിൽ വാങ്ങൽ ഗണ്യമായി ശക്തിപ്പെട്ടു, ഇത് 333 ടണ്ണിലെത്തുകയും, സെൻട്രൽ ബാങ്കുകളുടെ വാർഷിക മൊത്തം 1,045 ടണ്ണാവുകയും ചെയ്തു.2024 ന്റെ രണ്ടാം പകുതിയിൽ സ്വർണ്ണ ഇ.ടി.എഫ്കളുടെ ആവശ്യകതയിലുണ്ടായ ഉണർവിന്റെ ഫലമായി, ആഗോള നിക്ഷേപഡിമാൻറ് വർഷം തോറും 25% വർദ്ധിച്ച് നാല് വർഷത്തെ ഏറ്റവും ഉയർന്ന നില 1,180 ടണ്ണായി. 2024 ലെ നാലാം പാദത്തിൽ ആഗോളസ്വർണ്ണ ഇ.ടി.എഫ്കകൾ 19 ടൺ കൂടി കൂട്ടിച്ചേർത്തു, ഇത് ആസ്തി വിഭാഗത്തിനായുള്ള തുടർച്ചയായ രണ്ട് പാദങ്ങളിലെ നിക്ഷേപത്തിന്റെ ഉള്ളൊഴുക്കിനെ അടയാളപ്പെടുത്തി. 2024ൽ ബാർ, നാണയ, ഡിമാന്റ് ഏറെക്കുറെ 2023 ലെ വോള്യവുമായി പൊരുത്തപ്പെട്ട് 1,186ടണ്ണായിരുന്നു. സ്വർണത്തിന്റെ ഉയർന്ന വില ആഭരണ മേഖലയിലെ ഡിമാന്റ് കുറച്ചു, വാർഷിക ഉപഭോഗം 11% കുറഞ്ഞ് 1,877 ടണ്ണിലെത്തി. ഇടിവിന് പ്രധാന കാരണം ചൈനയിലെ ബലഹീനതയാണ് എന്നിരുന്നാലും ഇന്ത്യൻ ഡിമാന്റ് സ്ഥിരത പുലർത്തി. 2024 ൽ ഉയർന്ന റെക്കോർഡ വില പരിസ്ഥിതിയിൽ 2% മാത്രം കുറവാണ് രേഖപ്പെടുത്തിയത്. ഡിമാന്റ് 84 ടണ്ണിലെത്തിയ സാങ്കേതിക മേഖല, 2021 ലെ നാലാംപാദത്തിനു ശേഷമുള്ള ഏറ്റവും ശക്തമായ പാദത്തിനാണ് സാക്ഷ്യംവഹിച്ചത്.



# ഓപ്പറേഷൻ സൗന്ദര്യ മൂന്നാം ഘട്ടം: 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു

### ഒന്നര ലക്ഷത്തിലധികം രൂപയുടെ കോസ്മെറ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്തു

**തിരുവനന്തപുരം:** വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ദിവസങ്ങളിലായി 101 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. ലിപ്സ്റ്റിക്, ഫേസ് ക്രീം, ബേബി പൗഡർ, ബേബി സോപ്പ്, ബേബി ഓയിൽ തുടങ്ങിയവയാണ് പ്രധാനമായും പരിശോധിച്ചത്. മതിയായ ലൈസൻസുകളോ കോസ്മെറ്റിക്സ് റൂൾസ് 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളോ പാലിക്കാതെ നിർമ്മിച്ച് വിതരണം നടത്തിയ 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു. ഗുണനിലവാരമില്ലാത്ത ഒന്നര ലക്ഷത്തിലധികം രൂപയുടെ കോസ്മെറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുത്തു. 59 സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്കയച്ചു. ഇവയുടെ പരിശോധനാഫലം വരുന്നതനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

ഓപ്പറേഷൻ സൗന്ദര്യയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടത്തിയ പരിശോധനകളിൽ സൗന്ദര്യ വർദ്ധക വസ്തുക്കളിൽ ശരീരത്തിന് ഹാനീകരമാകുന്ന അളവിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഏകദേശം 7 ലക്ഷത്തിലധികം രൂപ വില വരുന്ന വിവിധ കോസ്മെറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുക്കുകയും 33 സ്ഥാപനങ്ങൾക്കെതിരെ കേസെടുക്കുകയും ചെയ്തു. അന്ന് പരിശോധനയ്ക്ക് വിധേയമാക്കിയ ലിപ്സ്റ്റിക്, ഫേസ് ക്രീം സാമ്പിളുകളിൽ അനുവദനീയമായതിൽ കൂടുതൽ അളവിൽ മെർക്കുറിയുടെ അംശം കണ്ടെത്തിയിരുന്നു. ഇത് ആന്തരികാവയവങ്ങളെ വരെ ബാധിക്കുന്ന തരത്തിൽ ദൂഷ്യഫലങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്. ഈ കണ്ടെത്തലിനെ തുടർന്നാണ് പരിശോധനകൾ കൂടുതൽ കർശനമാക്കാൻ മന്ത്രി നിർദേശം നൽകിയത്.

സൗന്ദര്യ വർദ്ധക വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം ഉത്പ്പന്നങ്ങൾ മതിയായ ലൈസൻസോട് കൂടി നിർമ്മിച്ചതാണോ എന്നും നിർമ്മാതാവിന്റെ മേൽവിലാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ലേബൽ പരിശോധിച്ച് വാങ്ങേണ്ടതാണ്.

എന്തെങ്കിലും പരാതിയുള്ളവർ ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ 18004253182 എന്ന ടോൾ ഫ്രീ നമ്പരിൽ വിവരം അറിയിക്കേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വസന്തോത്സവവുമായി ലുലുമാൾ; പുഷ്പമേളയ്ക്ക് 12ന് തുടക്കം

**കൊച്ചി:** പൂക്കളുടെ വസന്തകാല ഉത്സവവുമായി ലുലുമാളിൽ പുഷ്പമേളയ്ക്ക് 12ന് തുടക്കമാകും. ആയിരത്തിലധികം വൈവിധ്യം നിറഞ്ഞ പുഷ്പഫലസസ്യങ്ങളാണ് പ്രദർശനത്തിനും വിൽപനയ്ക്കുമായി അണിനിരത്തുക. 'ലുലു ഫ്ളവർ ഫെസ്റ്റ് 2025' എന്ന പേരിലാണ് മേള സംഘടിപ്പിക്കുന്നത്.അലങ്കാര സസ്യങ്ങൾ. വീടുകളിലെ പൂന്തോട്ടം ക്രമീകരിക്കാനുള്ള വിവിധയിനം പുഷ്പ വൈവിധ്യങ്ങൾ മേളയിലെ കാഴ്ചയാകും. പൂന്തോട്ടം ക്രമീകരിക്കാൻ ആവശ്യമായ ചെടികൾ, ചെടികളിലെ വൈവിധ്യങ്ങൾ എല്ലാം പുഷ്പമേളയിലൂടെ നേരിട്ട് കാണാനും വാങ്ങുവാനും സാധിക്കും. വീടിന്റെ ഭംഗിക്കും നിറത്തിനും ചേരുന്ന തരത്തിൽ വ്യത്യസ്തങ്ങളായ പൂക്കൾ ഒരുക്കി ഉദ്യാനം അലങ്കരിക്കാനും പുഷ്പമേള വഴി കഴിയും. ഇൻഡോർ, ഔട്ട്ഡോർ ഗാർഡനിംഗ് താൽപര്യമുള്ളവർക്ക് ഇതിന് ആവശ്യമായ സസ്യങ്ങളുടെ അടക്കം സമഗ്ര ശേഖരം, പുഷ്പങ്ങൾ ഇവയൊക്കെ മേളയിലുണ്ട്. ലുലു മാളിന്റെ ഗ്രൗണ്ട് ഫ്ളോറിലാണ് പുഷ്പമേള നടക്കുന്നത്. 12 ന് തുടങ്ങുന്ന മേള 16 ന് അവസാനിക്കും. മേളയുടെ ഭാഗമായി കുട്ടികളുടെ ഫാഷൻ ഷോയും മാളിൽ അരങ്ങേറും. ലിറ്റിൽ പ്രിൻസ്, ലിറ്റിൽ പ്രിൻസസ് വിഭാഗത്തിൽ നടക്കുന്ന മത്സരത്തിലെ വിജയികൾക്ക് 10000 രൂപ വീതം ക്യാഷ് പ്രൈസും നൽകും. രജിസ്ട്രേഷൻ 12ന് സമാപിക്കും. പുഷ്പമേളയുടെ ഭാഗമായിട്ടുള്ള ലോഗോ പ്രകാശനം നടി മഹിമാ നമ്പ്യാർ, കലാഭവൻ ഷാജോൺ, മാത്യു തോമസ് അർജുൻ അശോകൻ, ശ്യാം മോഹൻ, സംഗീത് പ്രതാപ് , അമ്പരീഷ് എന്നിവർ ചേർന്ന് നിർവഹിച്ചു. ലുലു മാൾ മാനേജർ റിജേഷ് ചാലുപ്പറമ്പിൽ,, ഓപറേഷൻസ് മാനേജർ ഒ. സുകുമാരൻ എന്നിവർ സന്നിഹിതരായി.



# ഗോപിചന്ദ് ഹിന്ദുജയുടെ ഐ ആം പ്രകാശനം ചെയ്തു

**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പ് ചെയർമാൻ ഗോപിചന്ദ് പി ഹിന്ദുജയുടെ ഐ ആം എന്ന പുസ്തകം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പ്രകാശനം ചെയ്തു. പുരാതന സംസ്കാരങ്ങളിൽ ഒന്നായ സനാതനത്തിന്റെ ഭൂമിയായ ഭാരതത്തിലാണ് ഈ പ്രകാശനം നടക്കുന്നുവെന്നത് ഇതിന്റെ പ്രാധാന്യം വളരെയധികം ഉയർത്തുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. എല്ലാ വിശ്വാസങ്ങളിലും വൈവിധ്യങ്ങൾ വിവേചിക്കാനാവുന്ന ഈ പുസ്തകം ഭാരതീയതയുടെ സാർവ്വജനികമായ പ്രസക്തിയാണ് ഉയർത്തിക്കാട്ടുന്നത്. നാനാത്വത്തിലെ ഏകത്വത്തിന്റെ ഉദാഹരണമാണ് ഭാരതീയതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ദേശീയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവൽ, ഡോ.അഭിഷേക് മനു എംപി, ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ലിണ്ടി കാമറൂൺ, എച്ച്ഡിഎഫ്സി ക്യാപിറ്റൽ സിഇഒയും എംഡിയുമായ വിപൽ റൂംഗ്ത, ലോക്സഭാംഗവും ജിൻഡാൽ സ്റ്റീൽ ആന്റ് പവർ ലിമിറ്റഡിന്റെ ചെയർമാനുമായ നവീൻ ജിൻഡാൽ തുടങ്ങി രാഷ്ട്രീയ, ബിസിനസ് രംഗത്തെ പ്രമുഖർ പങ്കെടുത്തു.വ്യത്യസ്ത സംസ്കാരങ്ങളുള്ള വിവിധ പ്രദേശങ്ങളിലൂടെ കടന്നു പോകുമ്പോഴും സനാതന പാരമ്പര്യം കാത്തു സൂക്ഷിക്കുന്നത് തങ്ങളുടെ കുടുംബത്തിന്റെ ജീവിത രീതിയാണന്ന് ചടങ്ങിൽ ഹിന്ദുജ ഗ്രൂപ് ഓഫ് കമ്പനീസ് (ഇന്ത്യ) ചെയർമാരൻ അശോക് പി ഹിന്ദുജ പറഞ്ഞു. ഞാൻ എന്നതിൽ നിന്നു നമ്മൾ എന്നതിലേക്കുള്ള പ്രയാണത്തെക്കുറിച്ചാണ് ഈ പുസ്തകമെന്ന് പരമാനന്ദ് നികേതൻ ട്രസ്റ്റ് പ്രസിഡന്റ് സ്വാമി ചിദാനന്ദ് സരസ്വതി പറഞ്ഞു.



# വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി ആരംഭിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് ഗുവാഹട്ടിയിൽ രജിസ്ട്രേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി (ആർവിഎസ്എഫ്) ആരംഭിച്ചു. റി വയർ അഥവാ റീസൈക്കിൾ വിത്ത് റെസ്പെക്ട് എന്ന് പേരിട്ടിരിക്കുന്ന ഈ ഫെസിലിറ്റിയിൽ സുസ്ഥിരവും പ്രകൃതിസൗഹൃദപരവുമായ രീതിയിൽ പ്രതിവർഷം 15,000 വരെ എൻഡ് ഓഫ് ലൈഫ് വാഹനങ്ങളെ സുരക്ഷിതമായി പൊളിച്ചുമാറ്റുവാനുള്ള സംവിധാനമുണ്ട്. ടാറ്റ മോട്ടോർസിന്റെ പങ്കാളികളായ ആക്സം പ്ലാറ്റിനം സ്ക്രാപ്പേഴ്സിന്റെ നിയന്ത്രണത്തിലാണ് ഈ ആർവിഎസ്എഫ് പ്രവർത്തിക്കുന്നത്. എല്ലാ ബ്രാൻഡുകളുടേയും പാസഞ്ചർ, വാണിജ്യ വാഹനങ്ങൾ സ്ക്രാപ് ചെയ്യുവാൻ ഇവിടെ സാധിക്കും. ജയ്പൂർ, ഭുവനേശ്വർ, സൂറത്ത്, ചണ്ഡിഗഢ്, ഡൽഹി എൻസിആർ, പൂനൈ എന്നിവിടങ്ങൾക്ക് പിന്നാലെ രാജ്യത്തെ ഏഴാമത്തെ ഫെസിലിറ്റിയാണ് ഗുവഹട്ടിയിൽ ആരംഭിച്ചിരിക്കുന്നത്.

ആസ്സാം ഗതാഗത മന്ത്രി ജോഗൻ മോഹൻ, ആരോഗ്യ മന്ത്രി ആശോക ശിങ്കാൽ, ടാറ്റ മോട്ടോർസ് എക്സിക്യൂട്ടീവ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഗ്, ആക്സം ഓട്ടോമൊബൈൽസ് ഡയറക്ടർ ഡോ. സഞ്ജീവ് നരൈൻ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു. ഇത്തരത്തിൽ ഒരു ഫെസിലിറ്റി ആരംഭിച്ചതിലൂടെ കാർബൺ ബഹിർഗമന തോത് കുറയ്ക്കുവാനും പ്രകൃതിക്ക് ദോഷകരമാകാത്ത രീതിയിൽ കാലാവധി കഴിഞ്ഞ വാഹനങ്ങളുടെ സ്ക്രാപ്പിംഗ് പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമെന്നും മന്ത്രി ജോഗൻ മോഹൻ പറഞ്ഞു. സുസ്ഥിരമായ ഒരു വെഹിക്കിൾ ഡിസ്പോസൽ ഇക്കോസിസ്റ്റമാണ് ഈ ഉദ്യമത്തിലൂടെ സംജാതമായിരിക്കുന്നതെന്നും ഇത് പ്രകൃതിക്കും ജനങ്ങൾക്കും ഒരുപോലെ ഗുണകരമാകുമെന്നും മന്ത്രി അശോക് സിങ്കൽ പറഞ്ഞു. ഉത്തരവാദിത്വ വാഹന സ്ക്രാപ്പിംഗ് സംവിധാനങ്ങളിലേക്കുള്ള അടുത്ത പടിയാണ് ടാറ്റ മോട്ടോഴ്സിന്റെ റി വയർ ഫെസിലിറ്റിയെന്നും രാജ്യത്തെ 7 സംസ്ഥാനങ്ങളിലായുള്ള ഞങ്ങളുടെ ഫെസിലിറ്റികളിലൂടെ പ്രതിവർഷം 100,000ന് മുകളിൽ കാലാവധിയെത്തിയ വാഹനങ്ങൾ പ്രകൃതിക്ക് ദോഷകരമാകാത്ത രീതിയിൽ പൊളിച്ചുമാറ്റുവാൻ സാധിക്കുന്നു. ടാറ്റ മോട്ടോർസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഗ് പറഞ്ഞു.

